**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2985 22/02/2016 -ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉല്പാദനത്തിന്റെ വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. ഹംസ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) 01.06.2011 - ൽ സംസ്ഥാനത്ത് പച്ചക്കറികളുടെ ആഭ്യന്തര ഉല്പാദനം എത്രയായിരുന്നുവെന്ന് അറിയിക്കുമോ; | എ) 2011-12-ൽ സംസ്ഥാനത്ത് ആകെ പച്ചക്കറി ഉല്പാദനം 8.25 ലക്ഷം മെട്രിക് ടൺ ആയിരുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പച്ചക്കറികളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | ബി) **2011-12-ൽ** 360 ഹെക്ടർ കൃഷി സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി കൊണ്ടുവരുവാനും തരിശു നില പച്ചക്കറി കൃഷി (691 ഹെക്ടർ), വനിത ഗ്രൂപ്പ് വഴിയുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതി (1885 ഹെക്ടർ), പച്ചക്കറി വികസന പദ്ധതി (2000 ഹെക്ടർ), എന്നീ പദ്ധതികൾ ഉൾപ്പെടെ ഉല്പാദനം 8.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുവാനും സാധിച്ചു.<br><br>പച്ചക്കറിയുടെ ലഭ്യതയും ആവശ്യകതയുമായി സന്തുലനം ചെയ്ത്, വിത്തു മുതൽ വിപണിവല്ക്കരണം, മൂല്യവർദ്ധനം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ കൂട്ടിയിണക്കി, പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് 2012-13-ൽ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിച്ചത്. പച്ചക്കറിയുടെ ഉല്പാദനം കൂട്ടി, വിഷവിമുക്തമായ പച്ചക്കറി കൃഷിയിലേക്ക് സമൂഹത്തിന്റെ വിവിധ |

തുറകളിലുള്ളവരെ കൊണ്ടുവരിക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. ഇതുവഴി പച്ചക്കറി ഉല്പാദനം 8.25 മെട്രിക് ടണ്ണിൽ നിന്ന് **9.11** ലക്ഷം മെട്രിക് ടണ്ണായി ഉയരുകയും, വിസ്തീർണ്ണം 42744 ഹെക്ടറിൽ നിന്ന് 54820 ഹെക്ടറായി വർദ്ധിപ്പിക്കുയും ചെയ്തു.

**2013-14**-ൽ 75320 ഹെക്ടർ കൃഷി സ്ഥലം പച്ചക്കറി കൃഷിയിൻ കീഴിൽ കൊണ്ടു വരിക വഴി ഉല്പാദനം 11.91 ലക്ഷം മെട്രിക് ടണ്ണാക്കി ഉയർത്താൻ കഴിഞ്ഞു.

**2014-15**-ൽ 90533 ഹെക്ടർ കൃഷി സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാനും, പച്ചക്കറി ഉല്പാദനം 15.32 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുവാനും കഴിഞ്ഞു.

**2015-16**-ൽ 100953 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാനും അതുവഴി പച്ചക്കറി ഉല്പാദനം 18.17 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**2011-12** സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തിരുവനന്തപുരം ജില്ലയിൽ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി "വെജിറ്റബിൾ ഇനിഷ്യയേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്" പദ്ധതി, **2012-13** സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി "വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്, "പച്ചക്കറി കൃഷി പ്രോത്സാഹനം" എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 2013-14-ൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 20,000 രൂപ സബ്സിഡി നിരക്കിൽ 80 ഹെക്ടറിനും, സങ്കരയിനം പച്ചക്കറികളുടെ

ഉത്പാദനത്തിനായി ഹെക്ടറിന് 20,000 രൂപ സബ്സിഡി നിരക്കിൽ 5 ഹെക്ടറിനും ധനസഹായം നൽകിയിട്ടുണ്ട്. വിഷ-രഹിത പച്ചക്കറി ഉത്പാദിപ്പിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി "ഓപ്പൺ വെജിറ്റബിൾ കൾട്ടിവേഷൻ 2015-16"എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും "എല്ലാ വീട്ടിലും കറിവേപ്പ്" എന്ന പരിപാടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മലയാള മനോരമയുമായി ചേർന്ന് നടപ്പിലാക്കി. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഉത്പാദിപ്പിച്ച 3 ലക്ഷം കറിവേപ്പ് തൈകൾ ഈ പദ്ധതിയിലൂടെ കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്തു.

2.1 കോടി പച്ചക്കറിത്തൈകൾ വിതരണം ചെയ്തു. നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്ന തിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉയർന്ന ഉല്പാദനക്ഷമതയും ഗുണമേന്മയുമുള്ള ഫലവൃക്ഷങ്ങളുടേയും പച്ചക്കറി-കളുടേയും തൈകൾ, വിത്തുകൾ, ജൈവവളങ്ങൾ, കാർഷികോപകരണങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് കൃഷി ബിസിനസ്സ് കേന്ദ്ര വഴി വിതരണം ചെയ്യുന്നു.

| | |
|---|---|
| സി) രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലിന്റെ ഫലമായി 01.07.2011 മുതൽ 31.01.2016 വരെയുള്ള കാലയളവിലെ പച്ചക്കറി ഉല്പാദനത്തിന്റെ വർദ്ധനയുടെ തോത് എത്ര; ഓരോ വർഷവും കൃഷി സ്ഥലങ്ങളിലെ വിസ്തൃതി എത്ര കണ്ട് വർദ്ധിച്ചു; വിശദമാക്കാമോ; | സി) രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ കൊണ്ട് മാത്രമായി പച്ചക്കറി ഉല്പാദനത്തിൽ വന്ന വർദ്ധനയുടെ വിവരങ്ങൾ ലഭ്യമല്ല. |

| | |
|---|---|
| ഡി) പച്ചക്കറി ഉല്പാദനം എത്ര ടണ്ണായി വർദ്ധിച്ചു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ? | ഡി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 8.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 15.32 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. 2012-13-ൽ 9.11 ലക്ഷം മെട്രിക് ടണ്ണായും, 2013-14-ൽ 11.9 ലക്ഷം മെട്രിക് ടണ്ണായും, 2014-15-ൽ 15.32 ലക്ഷം മെട്രിക് ടണ്ണായും പച്ചക്കറി ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ